**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1510** **10-10-2024 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിൽ കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ മുക്കാട്-ഫാത്തിമ ഐലന്റ്-അരുളപ്പൻ തുരുത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം റീലിങ്കിഷ് ചെയ്യുന്നതിനുള്ള നടപടികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തികുളങ്ങര വില്ലേജിൽ മുക്കാട് ഫാത്തിമ ഐലന്റ് അരുളപ്പൻ തുരുത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന പാലങ്ങളുടെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തിയിൽ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമി റീലിങ്കിഷ് ചെയ്യുന്നതിനുള്ള നടപടികൾ നടന്ന് വരുന്നു. നിലവിൽ ടി പ്രദേശത്ത് വാഹന സൗകര്യം ഇല്ലാത്തതാണ്. ടി പാലവും റോഡും പൂർത്തിയാകുകയാണെങ്കിൽ ടി പ്രദേശവാസികൾക്ക് വാഹന സൗകര്യവും, സ്ഥലത്തിന്റെ മൂല്യവും വർധിക്കുന്നതുമാണ്. കൂടാതെ ടി പ്രദേശത്ത് ടൂറിസം വികസന സാധ്യതകളുമുണ്ട്. ആയതിനാലാണ് വ്യക്തികൾ ഭൂമി വിട്ടൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. എന്നാൽ, നിലവിൽ, പ്രദേശവാസികൾ ചേർന്ന് നിർമ്മാണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി ഒരു ബെനിഫിഷ്യറി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റിയിലെ പല വ്യക്തികളും ഭൂമിയുടെ വില ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ടി സ്ഥലത്ത് കായൽ പുറമ്പോക്ക് വിസ്തീർണ്ണം വളരെ കൂടുതലാണ്. സ്ഥല പരിശോധനയിൽ പല വ്യക്തികളും കായൽ പുറമ്പോക്ക് കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. ടി സ്ഥലത്ത് കക്ഷികൾക്ക് ലഭിച്ചിട്ടുള്ള പട്ടയങ്ങളുടെ ആധികാരികത പരിശോധിച്ച് സ്ഥലം അളന്ന് തിട്ടപ്പെടുത്തിയെങ്കിൽ മാത്രമേ കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും, ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളൂ. സർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ